# കാരുണ്യവും കരുതലുമായി കാത്തിരിക്കുന്ന കർത്താവ്

ഫാ. കുര്യൻ മറ്റം

'ക്രിസ്തുദേവൻ' തുടങ്ങിയ വിശിഷ്ടകൃതികൾ രചിച്ച ശ്രീ.കെ.പി. കേശവമേനോൻ തന്റെ വിലപ്പെട്ട കൃതികൾ പലതും രചിച്ചത് പൂർണ്ണ അന്ധത ബാധിച്ചതിനുശേഷമാണ്. അദ്ദേഹത്തിന്റെ കൊച്ചുമകൾ കടലാസും പേനയും എടുത്തുകൊടുക്കും. അദ്ദേഹം ഏതാണ്ട് രാത്രിമുഴുവൻ ഇരുന്ന് എഴുതും. നേരംവെളുക്കുമ്പോൾ എഴുതിയത് കൊച്ചുമകൾ വായിച്ചുകേൾപ്പിക്കും. വേണ്ട തിരുത്തലുകൾ വരുത്തും. ഇതായിരുന്നു രചനാരീതി. ഒരു രാത്രി അദ്ദേഹം പതിവുപോലെ എഴുതി. നേരം വെളുത്തപ്പോൾ അദ്ദേഹം എഴുതിയത് വായിക്കാനായി കൊച്ചുമകൾ കടലാസുകൾ എടുത്തു. പക്ഷേ, ഒന്നും എഴുതാത്ത കടലാസുകളാണ് കണ്ടത്. കാര്യം പിടി കിട്ടി. എഴുതാൻ ഉപയോഗിച്ച പേനായിൽ മഷി ഉണ്ടായിരുന്നില്ല. അന്ധനായിരുന്ന കേശവമേനോൻ അതറിഞ്ഞിരുന്നില്ല. ഒരു രാത്രിയുടെ അദ്ധ്വാനം മുഴുവൻ വ്യർത്ഥമായി.

ഉയിർത്തെഴുന്നേറ്റ ഈശോയിൽ വിശ്വസിക്കാതെ ശിഷ്യന്മാർ വഴിമാറി മീൻപിടിക്കാൻ പോയി. എന്നാൽ "ആ രാത്രിയിൽ അവർക്ക് ഒന്നും കിട്ടിയില്ല" (യോഹ. 21:3). ഈശോ കൂടെയില്ലാത്ത സമയമാണ് രാത്രി. "കർത്താവു വീടു പണിയുന്നില്ലെങ്കിൽ പണിക്കാരുടെ അദ്ധ്വാനം വ്യർത്ഥമാണ്" (സങ്കീ.127:1). ഈശോ വ്യക്തമായി പറഞ്ഞു: "എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല" (യോഹ.15: 5). ഒരു ചെക്ക് എഴുതുമ്പോൾ അഞ്ചുപൂജ്യം ഇട്ടതിനുശേഷം ഒന്ന് എന്ന അക്കം എഴുതിയാൽ ആ ചെക്കിന് ഒരു രൂപയുടെ വിലയേഉള്ളൂ. എന്നാൽ ഒന്ന് എന്ന അക്കം ആദ്യം എഴുതിയശേഷം അഞ്ചു പൂജ്യം എഴുതിയാൽ ആ ചെക്കിന്റെ വില ഒരു ലക്ഷം രൂപയുടേതായി. നമ്മുടെ ജീവിതത്തിൽ ദൈവത്തെ ഒന്നാം സ്ഥാനത്തു നിറുത്തിയിട്ട് നാം ചെയ്യുന്ന നിസ്സാരപ്രവൃത്തികൾ പോലും ഫലദായകമാകുന്നു. 'ജീവിതം മുഴുവൻ പരാജയമായി' 'അദ്ധ്വാനം മുഴുവൻ വൃഥാവിലായി' എന്നു വിലപിക്കുന്നവരുണ്ട്. നമ്മുടെ അദ്ധ്വാനത്തെക്കാൾ ദൈവത്തിന്റെ കൂടെ നടക്കാൻ ശ്രമിക്കുകയും അതുവഴി ദൈവത്തിനു പ്രിയപ്പെട്ടവരാകുകയും ചെയ്യുക എന്നതാണ് പ്രധാനപ്പെട്ടത്. സങ്കീർത്തകൻ പറയുന്നു: "അതിരാവിലെ എഴുന്നേല്ക്കുന്നതും വളരെ വൈകികിടക്കാൻ പോകുന്നതും

കഠിനപ്രയത്നം ചെയ്ത് ഉപജീവിക്കുന്നതും വ്യർത്ഥമാണ്. എന്നാൽ തന്റെ പ്രിയപ്പെട്ടവർ ഉറങ്ങുമ്പോൾ കർത്താവ് അവർക്കു വേണ്ടതു നല്കുന്നു.'' (സങ്കീ.127:2). പഴയനിയമത്തിലെ ജോസഫിനെക്കുറിച്ച് തിരുവചനം മൂന്നുപ്രാവശ്യം പറയുന്നത് ഒരു കാര്യം തന്നെ. ''കർത്താവ് ജോസഫിന്റെ കൂടെയുണ്ടായിരുന്നു. എല്ലാകാര്യങ്ങളിലും അവനു ശ്രേയസ്സുണ്ടായി'' (ഉത്പ.39; 2, 21. 23). പൗലോസിന്റെ മാനസാന്തരത്തെത്തുടർന്ന് 'മൂന്നുദിവസത്തേക്ക് അവനു കാഴ്ചയില്ലായിരുന്നു' (അപ്പ.9:9) എന്നു പറയുമ്പോൾ ആത്മീയ അന്ധതയിൽ കഴിഞ്ഞ അദ്ദേഹത്തിന്റെ ഭൂതകാലത്തെ സൂചിപ്പിക്കുന്നു.

ഈശോയുടെ വചനമനുസരിച്ച് വലയിറക്കികഴിഞ്ഞപ്പോൾ അത്ഭുതകരമായ മീൻപിടിത്തം. കാനായിലെ കല്യാണവിരുന്നിൽ മറിയം പറഞ്ഞു: ''അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ'' (യോഹ.2:5). അതനുസരിച്ചു പ്രവർത്തിച്ചപ്പോൾ അവിടെയും അത്ഭുതം സംഭവിക്കുന്നു.വിശുദ്ധി പ്രാപിക്കാനുള്ള ദൈവത്തിന്റെ വചനം പാലിക്കുമ്പോഴും സംഭവിക്കുന്നത് അത്ഭുതങ്ങളാണ്. ''ജോഷ്വാ ജനത്തോടു പറഞ്ഞു: നിങ്ങളെത്തന്നെ ശുദ്ധീകരിക്കുവിൻ. നാളെ നിങ്ങളുടെ ഇടയിൽ കർത്താവ് അത്ഭുതങ്ങൾ പ്രവർത്തിക്കും'' (ജോഷ്വാ 3:5). വിശ്വസ്തതയോടെ ദൈവവചനം പാലിച്ചു ജീവിച്ച തോബിത്തിന്റെയും തോബിയാസിന്റെയും സാറായുടെയും യൂദിത്തിന്റെയും ഒക്കെ ജീവിതത്തിൽ അത്ഭുതങ്ങൾ സംഭവിച്ചു.

ഈശോ കൂടെയുണ്ടെങ്കിൽ അത്ഭുതങ്ങളുടെ ഒരു ശൃംഖലതന്നെ ജീവിതത്തിൽ സംഭവിക്കും. ശിഷ്യന്മാർ മീൻപിടിച്ചു തളർന്നു വന്നപ്പോൾ കരയിൽ മറ്റൊരത്ഭുതം കാണുന്നു. തങ്ങൾക്കുവേണ്ടി അപ്പവും മീനും തയ്യാറാക്കി വാത്സല്യമോടെ കാത്തിരിക്കുന്ന ഈശോ. ഇതു വി.കുർബാനയുടെ അത്ഭുതമാണ്. കരുതലിന്റെയും കാരുണ്യത്തിന്റെയും അത്ഭുതമാണ് ദിവ്യകാരുണ്യം. ''കർത്താവിനെ കണ്ടെത്താൻ കഴിയുന്ന ഇപ്പോൾത്തന്നെ അവിടുത്തെ വിളിക്കുവിൻ'' (ഏശ. 55: 6). ഇന്നു കർത്താവിനെ കണ്ടെത്താൻ ഏറ്റവും എളുപ്പമായി സാധിക്കുന്നത് വി. കുർബാനയിലാണ്. നമ്മുടെ പാപങ്ങളും ഭാരങ്ങളും ഇറക്കിവയ്ക്കാനുള്ള വേദി വി. കുർബാനതന്നെയാണ്. നമുക്കുവേണ്ടി വിരുന്നൊരുക്കി കാരുണ്യപൂർവ്വം കാത്തിരിക്കുന്ന ഈശോയെ വി. കുർബാനയിലാണ് നാം കണ്ടുമുട്ടുക.

# കരുതലുള്ള സ്നേഹം

ഫാ.ജോർജ് ദാനവേലിൽ

പഴയനിയമത്തിലെ യോനാ പ്രവാചകന്റെ പുസ്തകത്തിൽ തന്റെ വഴിയിൽ നിന്ന് ഓടിയൊളിക്കുന്ന യോനായെ അദ്ഭുതകരമായ ഇടപെടലിലൂടെ തന്റെ വഴിയിലേക്ക് കർത്താവ് തിരിച്ചുകൊണ്ടുവരുന്നതിനെക്കുറിച്ചൊരു വിവരണമുണ്ട്. കർത്താവിന്റെ വഴിയിൽ നിന്നു തിരിഞ്ഞുപോയ നിനവേ നിവാസികളോട് അനുതാപം പ്രസംഗിക്കാനായി നിയോഗിക്കപ്പെട്ട യോന ദൈവഹിതത്തിനു വിരുദ്ധമായി താർഷിഷിലേക്കു കപ്പൽ കയറി. താർഷിഷിൽ ചെന്ന് കർത്താവിന്റെ സന്നിധിയിൽ നിന്ന് ഓടിയൊളിക്കാമെന്ന് അവൻ കരുതി. എന്നാൽ കർത്താവു കടലിലേക്കു ഒരു കൊടുംകാറ്റയച്ചു. കടൽക്ഷോഭത്തിൽ കപ്പൽ തകരുമെന്നായപ്പോൾ ജനം കാരണം തിരക്കി നറുക്കിട്ടു. നറുക്കുവീണതു യോനാക്കായിരുന്നു. അവർ അവനെ കടലിലേക്കെറിഞ്ഞു. കടൽ ശാന്തമായി. കടലിൽ വീണ യോനായെ ഒരു തിമിംഗലം വിഴുങ്ങി മൂന്നു ദിവസത്തിനു ശേഷം നിനവേ തീരത്തെത്തിച്ചു. അങ്ങനെ തന്നിൽ നിന്ന് അകന്നുപോകാൻ ശ്രമിച്ച യോനായെ കർത്താവ് അത്ഭുതകരമായി തന്റെ വഴിയിലേക്കു തിരിച്ചുകൊണ്ടുവരുന്നു.

“നിങ്ങൾ എന്നെ അനുഗമിക്കുക” എന്ന വിളികേട്ടു ഈശോയെ അനുഗമിച്ച ശിഷ്യൻമാർക്ക് അവിടുത്തെ പീഡാനുഭവവും മരണവും സമ്മാനിച്ചതു കടുത്ത നിരാശയും യാതനയുമായിരുന്നു. ഏറെ പ്രതീക്ഷയോടെയാണവർ അവിടുത്തെ അനുഗമിച്ചത്. നാഥന്റെ ആകസ്മിക വേർപാടിനുശേഷം ‘ഇനിയെന്ത്?’ എന്ന ചിന്ത അവരെ അലട്ടി. നിരാശരായി പഴയ തൊഴിലിലേക്കു തിരിച്ചുപോവുകയാണവർ. നഷ്ടധൈര്യരായി, പ്രത്യാശയറ്റവരായി നിന്ന തന്റെ ശിഷ്യൻമാർക്കു പ്രത്യാശയും, ധൈര്യവും നല്കാനായി അവർക്കുമുമ്പിൽ പ്രത്യക്ഷപ്പെട്ടു തന്റെ അദ്ഭുതകരമായ ഇടപെടലിലൂടെ തന്റെ വഴിയിലേക്ക് അവരെ തിരിച്ചുകൊണ്ടുവരുന്ന നാഥന്റെ ചിത്രമാണ് യോഹന്നാന്റെ സുവിശേഷം 21/1–14 വരെയുള്ള ഭാഗങ്ങളിൽ നാം കാണുക.

ദുഃഖവും പരാജയബോധവും അനിശ്ചിതാവസ്ഥയും പേറുന്ന മനസുമായി മീൻപിടിക്കാൻ പോകുന്ന ശിഷ്യസമൂഹം. അനുഭവസമ്പന്നരായ പത്രോസും കൂട്ടരും രാത്രിമുഴുവൻ അദ്ധ്വാനിക്കുകയാണ്. പക്ഷെ ഒരു മീൻപോലും അവർക്കു ലഭിക്കുന്നില്ല. പരാജിതരായി തിരിച്ചുവരുന്ന അവർക്ക് ആവശ്യമായ നിർദ്ദേശം നല്കാൻ തയ്യാറായി ഈശോ കാത്തു നില്ക്കുകയാണ്. ആ നിർദ്ദേശം അനുസരിച്ചപ്പോൾ ഫലം അത്ഭുതകരമായ മീൻപിടുത്തമായിമാറി. ഈ മീനുമായി വരുന്ന അവരെ കാത്ത് ഭക്ഷണം ഒരുക്കി ഈശോ കാത്തിരിക്കുകയാണ്. പരാജിതരായി നിരാശബോധത്തോടെ കടന്നു വരുന്നവർക്ക് ഉത്ഥി

തനായ ഈശോ പ്രത്യാശപകർന്നുകൊടുക്കുന്ന ഏറെ ഹൃദയ സ്പർശിയായ രംഗമാണ് തിബേരിയാസ് തീരത്തു കാണുക. ഇല്ലായ്മയുടെയും പരാജയത്തിന്റെയും നിരാശയുടെയും തീരം അവിടുന്ന് സമൃദ്ധിയുടെയും വിജയത്തിന്റെയും പ്രത്യാശയുടെയും തീരമാക്കി മാറ്റുന്നു.

മൂന്നു വർഷത്തോളം നാഥന്റെ സ്നേഹവും പരിചരണവും ആവോളം അനുഭവിച്ച ശിഷ്യർ നാഥനെ കൂടാതെയുള്ള പ്രയത്നം നിഷ്ഫലമാണെന്നോർത്തില്ല. തങ്ങളുടെ ദൗർഭാഗ്യമോർത്തു വിലപിച്ചിരുന്ന ശിഷ്യരുടെ ഇടയിലേക്കാണു ഈശോ സാന്ത്വനവുമായി കടന്നുവരിക. തന്റെ സാന്നിദ്ധ്യത്താൽ, വാക്കാൽ, നിർദ്ദേശത്താൽ നിരാശരായിരുന്ന ശിഷ്യർക്കു പ്രത്യാശ പകർന്നുകൊടുക്കുന്ന ഈശോയെയാണിവിടെ കാണുക. ഇന്നും അനുദിനജീവിതത്തിന്റെ പരുപരുത്ത യാഥാർത്ഥ്യങ്ങളുമായി ഏറ്റുമുട്ടി നിരാശരായി ഇനി എന്ത് എന്നു ചിന്തിക്കുന്ന നിമിഷങ്ങളിൽ ഈശോ കടന്നുവരും. അവിടുത്തെ നിർദ്ദേശമനുസരിക്കാൻ നാം തയ്യാറാകണമെന്നു മാത്രം. മത്സ്യബന്ധനത്തിൽ അഗ്രഗണ്യരായിരുന്ന ശിഷ്യർപോലും 'പടവിന്റെ വലതുവശത്തേക്കുനീക്കി വലയിടുക' എന്ന നിർദ്ദേശം പാലിക്കാൻ തയ്യാറായി. ഇവിടെ തങ്ങളുടെ മാനുഷികബുദ്ധിയുടെ അടിസ്ഥാനത്തിൽ ചിന്തിക്കാതെ, കരയിൽ നില്ക്കുന്ന മനുഷ്യൻ ആരെന്നറിഞ്ഞില്ലെങ്കിൽപ്പോലും അനുസരിക്കാൻ അവർ തയ്യാറായി. എന്നാൽ ഇന്ന് നമ്മോടാവശ്യപ്പെടുക വഴിയും സത്യവും ജീവനുമായ നാഥനെ അറിഞ്ഞുകൊണ്ടനുസരിക്കാനാണ്. കാനായിലെ കല്യാണവിരുന്നിൽ അവിടത്തെ നിർദ്ദേശം സ്വീകരിച്ചപ്പോൾ അവർക്ക് ആവശ്യത്തിനു വീഞ്ഞുലഭിച്ചു. അവിടത്തെ നിർദ്ദേശം സ്വീകരിക്കാൻ തയ്യാറാകുന്നവർക്ക് ദൈവം ധാരാളിയാണ്. നമ്മുടെ അദ്ധ്വാനവും ക്ലേശവും കഷ്ടപ്പാടും അറിയുന്നവനാണ് കർത്താവ്. ആവശ്യമായ സമയത്ത് അവിടുന്ന് അദ്ഭുതങ്ങൾ പ്രവർത്തിക്കുകതന്നെ ചെയ്യും.

രണ്ടായിരം വർഷങ്ങൾക്കുമുമ്പ് തിബേരിയാസ് കടൽത്തീരത്ത് തന്റെ പ്രിയപ്പെട്ട ശിഷ്യൻമാരുടെ തകർച്ചയുടെ തീരങ്ങളിൽ നിർദ്ദേശം നല്കാൻ കാത്തുനിന്ന ഉത്ഥിതനായ ഈശോ ഇന്നും നമ്മുടെ അനുദിന ജീവിതത്തിലെ തകർച്ചയുടെ തീരങ്ങളിൽ നിർദ്ദേശം നല്കാനായി കാത്തു നില്ക്കുകയാണ്. പക്ഷെ ഈശോയെ നമുക്ക് തിരിച്ചറിയാനും അവിടുത്തെ മുമ്പിൽ നമ്മുടെ പരാജയം തുറന്നു വയ്ക്കാനും നിർദ്ദേശം സ്വീകരിക്കാനും നാം തയ്യാറാകണം എന്നുമാത്രം.

ശിഷ്യൻമാർക്കു 153 മത്സ്യങ്ങൾ കിട്ടിയെന്നാണു സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുക. ഇത് ഒരു പ്രതീകാത്മക സംഖ്യയാണ്.153 തരം മത്സ്യങ്ങളാണ് ഗ്രീക്ക് ജീവശാസ്ത്രപഠനമനുസരിച്ച് അക്കാലത്ത് ഉണ്ടായിരുന്നത്. അതിനാൽ 153 എന്ന സംഖ്യ എല്ലാ

ത്തരം മത്സ്യങ്ങളെയും സൂചിപ്പിക്കുന്നു. ബൈബിൾ പണ്ഡിതൻമാരുടെ പഠനമനുസരിച്ചു വല ദൈവരാജ്യത്തിന്റെ പ്രതീകമാണ്. ദൈവരാജ്യമാകുന്ന വലയിൽ എല്ലാം മനുഷ്യരും ഉൾക്കൊള്ളുന്നു എന്ന ദൈവരാജ്യത്തിന്റെ സാർവ്വത്രികസ്വഭാവത്തെയാണ് ഇതു സൂചിപ്പിക്കുക. യേശു ശിഷ്യരെ ഏല്പിച്ച പ്രേഷിതദൗത്യത്തിലേക്കുള്ള സൂചനയും ഇവിടെ ദൃശ്യമാണ്.

വി.യോഹന്നാന്റെ സുവിശേഷം ഇരുപതാം അദ്ധ്യായത്തോടെ അവസാനിച്ചിരുന്നുവെന്നും ഇരുപത്തിഒന്നാം അദ്ധ്യായം പിന്നീട് കൂട്ടിച്ചേർക്കപ്പെട്ടതാണ് എന്നും ബൈബിൾ പണ്ഡിതൻമാരിൽ ചിലർ പറയുന്നു. ഇതിനുകാരണമായി പറയുക, ഇരുപതാം അദ്ധ്യായത്തിൽ ശിഷ്യൻമാർ പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നതും ഈശോ അവരെ പ്രേഷിതദൗത്യം ഭരമേല്പിക്കുന്നതുമെല്ലാം വിവരിക്കുന്നുവെന്നതും ഒരു സമാപനസന്ദേശംപോലെ ഇരുപതാം അദ്ധ്യായം അവസാനിക്കുന്നുവെന്നുള്ളതുമാണ് ഇരുപത്തിഒന്നാം അദ്ധ്യായം പിന്നീട് കൂട്ടിച്ചേർക്കപ്പെടാനുള്ള കാരണമായി വിശദീകരിക്കുക, വി.പത്രോസിന് ശിഷ്യ സമൂഹത്തിലുള്ള പ്രാമുഖ്യത്തെക്കുറിച്ച് പഠിപ്പിക്കാനാണ് എന്നാണ്. തിബേരിയാസ് കടൽത്തീരത്തെ അത്ഭുതകരമായ മീൻ പിടുത്തത്തിൽ നിറഞ്ഞുനില്ക്കുന്ന നായക കഥാപാത്രം വി.പത്രോസാണ്. ''ശിമയോനെ നീ എന്നെ സ്നേഹിക്കുന്നുവോ?'' എന്നു മൂന്നു പ്രാവശ്യം പേരുചൊല്ലി ചോദിച്ചതിനുശേഷമാണ് ഈശോ പുതിയദൗത്യം പത്രോസിനെ ഭരമേല്പിക്കുക. ചഞ്ചലചിത്തനായിരുന്ന ശിമയോൻ അന്നു മുതൽ ദൈവസ്നേഹത്താൽ നിറഞ്ഞ് അചഞ്ചലനാകുന്നു. തന്നോടുകൂടി അദ്ധ്വാനിക്കുമ്പോഴാണ് അദ്ധ്വാനത്തിനു ഫലസമൃദ്ധിയുാവുക എന്ന് അവിടുന്നു പത്രോസിനെ ഓർമ്മിപ്പിക്കുന്നു. ഇത് നേതൃസ്ഥാനം വഹിക്കുന്ന എല്ലാവർക്കുമുള്ള മുന്നറിയിപ്പാണ്.

ഈശോ കൂടെയുണ്ടെങ്കിൽ അത്ഭുതങ്ങളുടെ ഒരു ശൃംഖലതന്നെ ജീവിതത്തിൽ സംഭവിക്കും. സങ്കീർത്തകൻ പഠിപ്പിക്കുന്നു, ''കർത്താവു ഭവനം പണിയുന്നില്ലെങ്കിൽ പണിക്കാരുടെ അദ്ധ്വാനം വ്യർത്ഥമാണ്'' (സങ്കീ.127:1). ഈശോ വ്യക്തമായി പറഞ്ഞു: ''എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല'' (യോഹ.15: 5). പലരും തങ്ങളുടെ മുറിയിൽ എഴുതിവയ്ക്കും, *With God I am a Hero and without God I am a Zero*. ദൈവം എന്റെ കൂടെയില്ലെങ്കിൽ ഞാൻ വെറും വട്ടപ്പൂജ്യമാണെന്നും ദൈവം എന്റെ കൂടെ ഉണ്ടെങ്കിൽ എനിക്കെല്ലാം ഉണ്ടെന്നുമുള്ള അവബോധത്തിലേക്ക് എന്നു ഞാൻ എത്തിച്ചേരുമോ അന്ന് എന്റെ ജീവിതം ഫലം ചൂടും എന്നു നമുക്കു മറക്കാതിരിക്കാം.

രാത്രി മുഴുവൻ അദ്ധ്വാനിച്ച് വിശന്നുവലഞ്ഞ ശിഷ്യർക്ക് അപ്പവും മീനുമൊരുക്കി കരുതലോടെ കാത്തിരിക്കുന്ന കർത്താവിനെയാണ് സുവിശേഷത്തിൽ നാം കണ്ടുമുട്ടുക. അത്രയേറെ കരുതലുള്ളവനാണ് നാഥൻ. ഇന്നും അവിടുന്നു കാത്തിരിക്കുന്നു, നമുക്കുവേണ്ടി വിരുന്നൊരുക്കി ഈശോ കാരുണ്യപൂർവ്വം വി. കുർബാനയിൽ കാത്തിരിക്കുന്നു. തന്റെ ശരീരവും രക്തവും നമുക്കു ഭക്ഷണപാനീയങ്ങളായി നല്കാൻ, വിശുദ്ധകുർബാനയിൽ അവിടുന്നു കാത്തിരിക്കുന്നു, നമ്മോടൊപ്പമുള്ള നിരന്തരസാന്നിദ്ധ്യമായി. ഈ ബോദ്ധ്യത്തോടെ വിശുദ്ധകുർബാനയിൽ നമുക്കും പങ്കുചേരാം.